പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

* 95. [137] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, വി. കെ. രാജൻ :
,, പി. കുമാരൻ :
,, കെ. ടി. കണാരൻ :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ട് ;

(ബി) എം. എൽ. എ. റോഡുകൾ പോലും ഏറ്റെടുത്തു പ്രവർത്തി തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റു റോഡുകൾ ഏറ്റെടുത്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) :

(എ) എം. എൽ. എ. റോഡുകൾ ഉൾപ്പെടെ 40 റോഡുകൾ ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എം. എൽ. എ. റോഡുകളുടെ പണി തടസ്സം കൂടാതെ നടന്നു വരുകയാണ്. പ്രാദേശിക പ്രാധാന്യം, ഗതാഗത സൗകര്യങ്ങളുടെ പിന്നോക്കാവസ്ഥ മുതലായവ പരിഗണിച്ച് എം. എൽ. എ. റോഡുകൾ അല്ലാത്ത ചുരുക്കം ചില റോഡുകൾ ഏറ്റെടുക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : കഴിഞ്ഞ 30-ാം തീയതിവരെ എത്ര എം. എൽ. എ. റോഡുകൾ ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഇപ്പോൾ ആകെ 247 എം. എൽ. എ. റോഡുകൾ ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : 247 എം. എൽ. എ. റോഡുകളെന്നു പറഞ്ഞു. അതിൽ എത്ര റോഡുകളുടെ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കി, ടെൻഡറെല്ലാം കൊടുത്ത്, അക്സപ്റ്റ് ചെയ്ത് വർക്ക് തുടങ്ങിയിട്ടുണ്ട് ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : 123 റോഡുകളുടെ പ്രവർത്തി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മിക്കവാറും പൂർത്തിയാകാറായിട്ടുണ്ട്. 177 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

ശ്രീ. പി. കുമാരൻ : 20 കൊല്ലം മുമ്പ് ഏറ്റെടുത്തിട്ടുള്ള ട്രൈബൽ ഏരിയായിലുള്ള പി. ഡബ്ളിയു. ഡി. റോഡ് അടിയന്തിരമായി, കമ്പോണൻറ് പ്ലാനിൽ ഉൾപ്പെടുത്തി പ്രവർത്തനം തുടങ്ങാൻ നടപടിയെടുക്കുമോ ? അട്ടപ്പാടിയിലെ മുള്ളിത്താവളം, ആനക്കുട്ടി, ഷോളയൂർ എന്നീ റോഡുകൾ വളരെ പ്രധാനപ്പെട്ട റോഡുകളാണ്. അവ ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ഉള്ള ഫണ്ടിനനുസരിച്ച്, പ്രാധാന്യം കൊടുത്തുകൊണ്ട് ഏറ്റെടുക്കുന്നുണ്ട്.

ശ്രീ. പി. കുമാരൻ : എന്റെ നിയോജകമണ്ഡലത്തിലുള്ള രണ്ട് എം. എൽ. എ. റോഡുകളുടെ പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല. അതിന് അടിയന്തിരമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അതിന് എന്താണ് കാരണമെന്ന് ബഹുമാനപ്പെട്ട മെംബർതന്നെ അന്വേഷിക്കണം. ഗവൺമെൻറിൻെറ അടുത്തുവന്നാൽ ഗവൺമെൻറ് ഒട്ടും താമസിക്കാതെ അനുവാദം നൽകുന്നുണ്ട്.

ശ്രീ. കെ. ടി. കണാരൻ : എം. എൽ. എ. റോഡുകൾ ഏറ്റെടുക്കാത്ത എത്ര മണ്ഡലങ്ങളുണ്ട് ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : 247 റോഡുകൾ ഏറ്റെടുത്തുകഴിഞ്ഞാൽ 33 എണ്ണം ഏറ്റെടുക്കാതെയുണ്ട്. അപ്പോൾ ഏകദേശം 16, 17 മണ്ഡലങ്ങൾ ഉണ്ടാകും.

ശ്രീ. കെ ടി. കണാരൻ : ഒരു മണ്ഡലത്തിൽ രണ്ട് റോഡുകൾക്ക് ലിസ്റ്റ് കൊടുക്കുന്നത് ജനാബ് സി. എച്ച്. മുഹമ്മദ് കോയ ആവിഷ്ക്കരിച്ച പദ്ധതി അനുസരിച്ചാണ് എം. എൽ. എ. റോഡുകളുടെ ലിസ്റ്റ് കൊടുക്കുന്നത്, ഒരു എം. എൽ. എ. യുടെ കാലാവധിയായ അഞ്ച് വർഷത്തേക്ക് ആണോ ? അതല്ല ഓരോ കൊല്ലവും രണ്ട് റോഡുകളുടെ പേര് നൽകാമോ ?

ശ്രീ കെ. അവുക്കാദർകുട്ടി നഹ : ശ്രീ. സി. എച്ച്. മുഹമ്മദ്കോയ വിഭാവനം ചെയ്തത്, രണ്ട് റോഡുകളുടെ പണിയെല്ലാം കഴിഞ്ഞാൽ വീണ്ടും വേണമെങ്കിൽ ആവശ്യപ്പെടാവുന്നതാണ് എന്നാണ്.

ശ്രീ. രമേശ് ചെന്നിത്തല : എൻെറ നിയോജക മണ്ഡലത്തിലുള്ള എം. എൽ. എ. റോഡിനെ സംബന്ധിച്ചിടത്തോളം ചീഫ് എഞ്ചിനീയറുടെ ആഫീസിൽ പോയി തിരക്കുമ്പോഴും പറയും മിനിസ്റ്ററുടെ അടുത്തു പോയിയെന്ന്. മിനിസ്റ്ററുടെ ആഫീസിൽ തിരക്കുമ്പോഴും പറയും അവിടെയില്ലെന്ന്. എത്രയാലും അവിടെയുള്ള രണ്ടു റോഡുകളും ഇതുവരെ ഏറ്റെടുത്തിട്ടില്ല. യാതൊരു നടപടിയും പൂർത്തീകരിച്ചിട്ടില്ല. എല്ലാ നടപടിക്രമങ്ങളും താഴേ നിന്നും പൂർത്തിയാക്കി ഇവിടേയ്ക്ക് അയച്ചിട്ടുണ്ടെന്നോണ് ഉദ്യോഗസ്ഥൻമാരിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഈ രണ്ട് എം. എൽ. എ. റോഡുകളുടെ കാര്യത്തിൽ പ്രത്യേകമായ താൽപര്യമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു, അതിന് തയ്യാറാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : മന്ത്രിയുടെ ആഫീസിൽ വന്നാൽ ഒരു നിമിഷവും വച്ചേക്കാറില്ല. ഉടനേ ഒപ്പിട്ടു കൊടുക്കാറുണ്ട്. പക്ഷേ ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകാം. ഒരു പഞ്ചായത്ത് റോഡ് ഏറ്റെടുക്കണമെങ്കിൽ പഞ്ചായത്തിൻെറ സമ്മതം വേണം; പഞ്ചായത്ത് സ്ഥലം വിട്ടു കൊടുക്കണം. ഇതൊന്നും ചെയ്യാതെ മന്ത്രിയുടെ ആഫീസിൽ ഫയൽ വരുകയില്ല.

ശ്രീ. എ. കെ. പത്മനാഭൻ : ടെൻറർ ചെയ്തിട്ടും പ്രവർത്തി കോൺട്രാക്ടറെ ഏൽപ്പിച്ചു കഴിഞ്ഞിട്ടും പണി തുടങ്ങാത്ത ഒരു എം. എൽ. എ. റോഡ് എൻെറ നിയോജകമണ്ഡലത്തിലുണ്ട്. അതിന് അടിയന്തിരമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : ടെൻറർ ചെയ്ത റോഡ് കരാറുകാർ തുടങ്ങാത്തതാണെങ്കിൽ അതിൻെറ കാരണമന്വേഷിക്കാം.

ശ്രീ. ടി. കെ. ഹംസ : റോഡുകളൊക്കെ കൃത്യമായി ഏറ്റെടുക്കാനുള്ള സാമ്പത്തിക പരാധീനത പൊതുമരാമത്തു വകുപ്പിൽ എത്തു കാലത്താണ് ഇല്ലായ്മ ചെയ്യാൻ സാധിക്കുന്നത്, ജലസേചന വകുപ്പുപോലെ ഈ വകുപ്പും ഏതെങ്കിലുമൊരു കാലത്ത് സമ്പന്നമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. അവുക്കാദർകുട്ടിനഹ : റോഡുകൾ ഏറ്റെടുക്കാൻ സാമ്പത്തിക കഴിവ് ആവശ്യമില്ല. റോഡ് ഏറ്റെടുക്കുന്നുണ്ട്. റോഡുകൾ നന്നാക്കാനാണ് സാമ്പത്തിക പരാധീനത.

പണി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങൾ

* 96 [138] ശ്രീ. പി. കെ. കെ. ബാവ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, കെ. പി. എ. മജീദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പാലങ്ങൾ ഏതെല്ലാം ;

(ബി) അതിൽ മേജർ പാലങ്ങൾ ഏതെല്ലാം ;

(സി) ഈ സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിക്കപ്പെടും എന്ന് പ്രതീക്ഷിക്കപ്പെടുന്ന പാലങ്ങൾ ഏതെല്ലാം ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പുതിയ പാലങ്ങളുടെ പണി ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവ ഏതെല്ലാം ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †
(ബി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †
(സി) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †

(ഡി) ഈ സാമ്പത്തികവർഷം പത്ത് പുതിയ പാലങ്ങളുടെ പണി തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ടെങ്കിലും പണി ഈ സാമ്പത്തിക വർഷം തന്നെ തുടങ്ങാൻ കഴിയുമോയെന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ഇ) ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട് †

ശ്രീ. കെ. പി. എ. മജീദ് : സാമ്പത്തികപ്രയാസമുള്ളതുകൊണ്ട് ഈ സാമ്പത്തികവർഷം പുതിയ പാലങ്ങളുടെ പണി ആരംഭിക്കാൻ കഴിയുമോയെന്നുള്ള കാര്യത്തിൽ സംശയമുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. സഹകാര്യ വ്യക്തികൾ പാലങ്ങൾ നിർമ്മിച്ച് ടോൾ പിരിച്ചെടുത്ത് അത് ശാസ്ത്രീയമായ രീതിയിൽ നടത്താൻ മുന്നോട്ട് വന്നാൽ അതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : അത് പരിഗണിക്കും.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : പുതിയതായി പാലങ്ങൾ അനുവദിക്കുമ്പോൾ അവികസിത പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കുന്ന ഒരു സമീപനം എടുക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. കെ. അവുക്കാദർകുട്ടി നഹ : പാലങ്ങൾ ആവശ്യപ്പെട്ടുവരുന്നതെല്ലാം അവികസിതമാണെന്ന് പറഞ്ഞുകൊണ്ടാണ്. ഗവൺമെന്റിന്റെ ദൃഷ്ടിയിൽ എങ്ങനെയായാലും നാട്ടുകാരുടെയെല്ലാം ദൃഷ്ടിയിൽ അവികസിതമാണ്, ആ നിലയിലാണ് ഗവൺമെന്റിനെ സമീപിക്കുന്നത്. ടെക്നിക്കലായും മറ്റും നോക്കിയതിനുശേഷമാണ് പ്രയോറിറ്റി കൊടുക്കുന്നത്.

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly